150 YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഭരണകാര്യം:- ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ പരീക്ഷാ ജോലികൾക്കായി സെക്ഷൻ രൂപീകരണം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 758/AD A1/2022/എം.ജി.യു                പ്രിയദർശിനി ഹിൽസ്,തീയതി: 22.01.2022

---

*പരാമർശം:*-19.01.2022 തീയതിയിലെ നം.വി.സി.702/2/008/2022 പ്രകാരം രജിസ്ട്രാർക്കുള്ള കുറിപ്പ്-ബഹു.വൈസ് ചാൻസിലറുടെ ഉത്തരവ് സഹിതം.

**ഉത്തരവ്**

2020-2021അക്കാദമിക വർഷം മുതൽ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ചിട്ടുള്ള വിവിധ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ,ടാബുലേഷൻ ഉൾപ്പടെയുള്ള പരീക്ഷാ സംബന്ധമായ മറ്റ് ജോലികൾ എന്നിവ ചെയ്യുന്നതിന് പുതിയതായി ഒരു സെക്ഷൻ രൂപീകരിക്കണമെന്ന് പരീക്ഷാ കൺട്രോളർ ശുപാർശ ചെയ്തിരുന്നു. ആയത് പരിഗണിച്ച്, താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാല നിർത്തലാക്കിയ ഓഫ് ക്യാമ്പസ് പരീക്ഷാ ജോലികൾക്കായി നിലവിലുള്ള EM-1,EM-8 എന്നീ രണ്ട് സെക്ഷനുകളിൽ EM-8 സെക്ഷൻ നിർത്തലാക്കി ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ പരീക്ഷാ ജോലികൾക്കായി EH-18 എന്ന പേരിൽ പുതിയ സെക്ഷൻ രൂപീകരിച്ചിരിക്കുന്നു.
2. EM-8 സെക്ഷൻ നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ ജോലികളും EM-1 സെക്ഷനിലേക്ക് മാറ്റിയിരിക്കുന്നു.
3. EM-8 സെക്ഷനിലെ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയ ശ്രീമതി.ശോഭനകുമാരി ആർ.(PEN :1753)-നെ പുതിയതായി രൂപീകരിച്ച EH-18 ലെ സെക്ഷൻ ഓഫീസർ ആയി നിയമിച്ചിരിക്കുന്നു. EM-8 സെക്ഷനിൽ നിലവിലുള്ള മറ്റ് ജീവനക്കാരെ EH-18 സെക്ഷനിലേക്ക് മാറ്റി നിയമിച്ചിരിക്കുന്നു.

സ്ഥലംമാറ്റപ്പെട്ട ജീവനക്കാർ തങ്ങളുടെ കൈവശമുള്ള ഫയലുകൾ, രജിസ്റ്ററുകൾ, മറ്റ് വിലപ്പെട്ട വസ്തുക്കൾ എന്നിവയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരിശോധിച്ച് അംഗീകരിക്കേണ്ടതും, പാസ്സ് വേർഡുകളുടെ സുരക്ഷിതകൈമാറ്റം ഉറപ്പാക്കേണ്ടതുമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ്, എം ജി സർവകലാശാല
6. പി. ആർ. ഒ / കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ടി.സെൽ
7. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #33 of File 22249/AD A1/COM.ASST/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Jan-2022 09:56 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം